ഉത്തരം

(എ) പരിഗണനയിലുണ്ട്. ദി കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബിൽ പരിഗണനയിലാണ്.

(ബി&സി) സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു.

അന്യസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം

201 (T 3637) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ അന്യ സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം ആധികാരികമായി ലഭ്യമാക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നത് എന്നറിയിക്കുമോ ;

(ബി) നിലവിൽ കൃത്യമായ ഒരു വിവരശേഖരണം സാദ്ധ്യമല്ലാത്തതാകുന്നു എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ അന്യ സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും ക്ഷേമപ്രവർത്തനവും നടപ്പിലാക്കുന്നതിനുവേണ്ടി കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിന്റെ കീഴിൽ 2010 മാർച്ച് മുതൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതി പ്രകാരം നാളിതുവരെ (2015 മേയ് 31) 49,674 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. ടി പദ്ധതി സ്വയമേവ പദ്ധതിയാണ്. അതിനാൽ അംഗത്വം നിർബന്ധമാക്കിയിട്ടില്ല. ടി. തൊഴിലാളികൾ ഒരു സ്ഥലത്ത് നിന്ന് അടിക്കടി തൊഴിലിടം മാറുന്നതും തൊഴിലുടമ/കോൺട്രാക്ടർ പദ്ധതിയിൽ അംഗങ്ങളെ ചേർക്കാനുള്ള നിസ്സഹകരണം കാണിക്കുന്നതും തൊഴിലാളികളുടെ താല്പര്യക്കുറവും ഇതിന് കാരണമായി കണക്കാക്കാവുന്നതാണ്.

(സി) കേരളത്തിലെ എല്ലാ കുടിയേറ്റ തൊഴിലാളികളെയും പദ്ധതിയിലേയ്ക്ക് അംഗങ്ങളാക്കുക എന്ന ലക്ഷ്യത്തോടുകൂടിയും വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള കുടിയേറ്റ തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങളെക്കുറിച്ചും

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

അവകാശങ്ങളെ സംബന്ധിച്ചും 14 ജില്ലകളിലും വ്യാപകമായ ബോധവത്ക്കരണ പരിപാടി നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി അന്യസംസ്ഥാന തൊഴിലാളികൾ കൂട്ടമായി ജോലിചെയ്യുന്ന പണിസ്ഥലങ്ങളിലും താമസസ്ഥലങ്ങളിലും കടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയെക്കുറിച്ചും ടി പദ്ധതിവഴി ലഭിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ചും ഇവർക്ക് നേരിട്ട് വിശദീകരണം നൽകുകയും, ഹിന്ദിയിലുള്ള ലഘുലേഖകൾ നൽകുകയും ചെയ്യുകയുണ്ടായി. കൂടാതെ ഇവർ കൂട്ടമായി ഒത്തുചേരുന്ന കേന്ദ്രങ്ങളിൽ പദ്ധതിയെ സംബന്ധിച്ച് വിശദീകരിക്കുന്ന ഹിന്ദിയിലും മലയാളത്തിലുമുള്ള പോസ്റ്ററുകളും ബാനറുകളും പ്രദർശിപ്പിക്കുകയുണ്ടായി. കൂടാതെ പദ്ധതിയുടെ ആനുകൂല്യങ്ങൾ ആകർഷ കമാക്കി വ്യാപകമായി പ്രചാരണം നൽകി എല്ലാ തൊഴിലാളികളെയും അംഗങ്ങളാക്കി മാറ്റി ഇവരുടെ വിവരശേഖരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിലാളികളെ ജോലി ചെയ്യിക്കുന്ന പണിസ്ഥലങ്ങളിൽ തൊഴിലുടമയ്ക്കും കരാറുകാരനും രജിസ്ട്രേഷനും ലൈസൻസും നിർബന്ധിതമാക്കി തൊഴിലാളികളുടെ വിവരശേഖരണം നടത്തിവരുന്നു.

കേരള അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ്

202 (3638) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് മുഖേന ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് പദ്ധതി നടത്തിപ്പുമായി സഹകരിച്ചിട്ടുള്ളത് ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഐ.ടി.ഐ.കളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കോഴ്സുകൾ ഉൾപ്പെടുത്തി നവീകരിക്കാനുള്ള പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മുഖേന ഈ പദ്ധതിക്ക് അനുയോജ്യമായ ഒരു പ്രൊപ്പോസൽ തയ്യാറാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly